LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം ഉണ്ടാക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. ഇപ്രകാരം പരിശീലനം സിദ്ധിച്ച ഉദ്യോഗാർത്ഥികൾക്ക്, സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളുമായി നേരിട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ടും സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യം

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമുഖേന കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായ കോട്ടയം, ആലപ്പുഴ, എംപ്ലോയബിലിറ്റി സെന്ററുകളിൽ ഈ വർഷംതന്നെ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം മലപ്പുറം, തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മൊറയൂർ ഐ.ടി.ഐ.

281(2750) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മൊറയൂരിൽ പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; അരീക്കോട് ഗവ. ഐ.ടി.ഐ. പ്രിൻസിപ്പൽ ഇത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്നും സ്ഥിരം കെട്ടിട സംവിധാനം വൈകുന്ന പക്ഷം താല്കാലിക കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തി എന്നത്തേക്ക് ഐ.ടി.ഐ ആരംഭിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മൊറയൂരിൽ ഐ.ടി.ഐ.-ക്ക് താല്ക്കാലിക സൗകര്യം അനുവദിക്കുന്നതിനുവേണ്ടി സ്ഥലം കണ്ടെത്തി നൽകുവാനും സ്ഥലം വാങ്ങുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ പിന്നീട് പരിഗണിക്കുവാനും തീരുമാനിച്ച് മൊറയൂർ ഗ്രാമപഞ്ചായത്ത് പ്രമേയം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥലം ലഭ്യമാക്കാമെന്ന് ഉറപ്പ് ഒന്നുംതന്നെ പഞ്ചായത്ത് നൽകിയിട്ടില്ല. പഞ്ചായത്തുമായി ബന്ധപ്പെട്ട് എത്രയും വേഗം സ്ഥലം ലഭ്യമാക്കാൻ അരിക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അരീക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാൾ ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് സർക്കാരിന് ടെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. എന്നാൽ അന്തിമ റിപ്പോർട്ട് ഇതുവരെയും സർക്കാരിന് ലഭ്യമാക്കിയിട്ടില്ല. താല്ക്കാലിക കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നതായി ടെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് പര്യാപ്തവും അനുയോജ്യവുമായ സ്ഥലം ലഭ്യമാക്കാമെന്നുള്ള പഞ്ചായത്തിന്റെ പ്രമേയവും രേഖാമൂലമുള്ള ഉറപ്പും ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി ശിപാർശ സമർപ്പിക്കുന്നതാണെന്ന് ടെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഇളമാട് ഗവൺമെന്റ് ഐ.ടി.ഐ.-യിലെ കോഴ്സുകൾ

282(2751) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇളമാട് ഗവ. ഐ.റ്റി.ഐ.-യിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ എന്നും അനുവദിച്ച കോഴ്സുകൾ ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇളമാട് ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പ്ലംബർ, മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ്വെയർ, കമ്പ്യൂട്ടർ ഹാർഡ്വെയർ&നെറ്റ്വർക്ക് മെയിന്റനൻസ് എന്നീ കോഴ്സുകളാണ് നിലവിലുള്ളത്.

(ബി) ആരംഭിച്ചിട്ടുണ്ട്. പുതുതായി അനുവദിച്ച കോഴ്സുകൾ ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലില്ല.